LIBRARY ARCHIVES Kerala Legislative Assembly

തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച്

264 [2319] ശ്രീ. ബി. വിജയകുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് അനുവദിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട മുൻ ഹൈക്കോടതി ചീഫ് ജസ്റ്റീസ് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുകയും തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് പൊതുതാല്പര്യത്തിനോ നീതി നിർവ്വഹണത്തിനോ സഹായകരമല്ലെന്നും ആയതിനാൽ നിർദ്ദേശം ഉപേക്ഷിക്കണമെന്നും 2004 ജനുവരി 17-ലെ കത്തുപ്രകാരം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് വേണമെന്നത് സംസ്ഥാനത്തിന്റെ താല്പര്യമാണെന്നും ആയതിനാൽ ഇക്കാര്യം പുനപ്പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസിനോട് 13-2-2004-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് പുതിയ കേന്ദ്ര നിയമ മന്ത്രിയോട് ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 25-6-2004-ൽ സർക്കാർ കത്തയച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ ഭാഗത്തുനിന്നും തടസ്സങ്ങൾ ഒന്നും ഇല്ല. എന്നാൽ ഹൈക്കോടതിയിൽ നിന്നും അനുകൂലമായ തീരുമാനം നാളിതുവരെ ഉണ്ടായിട്ടില്ല.

(സി) ഇക്കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 25-6-2004-ൽ കേന്ദ്ര നിയമ മന്ത്രിക്ക് സർക്കാർ നിവേദനം നൽകിയിട്ടുണ്ട്.

(ഡി) ബാധകമല്ല.